# അമേരിക്കൻ കഥകൾ

## മിനികഥകൾ ഇരുപത്തി മൂന്ന്

ജോയിക്കുട്ടി, ഡിട്രോയിറ്റ്

അന്നച്ചി, ദാ വന്നു ദേ പോയി എന്ന വിഷയമാണ് പറയുന്നത്. ഇത് KCV യുടേയും PPP യുടേയും കാര്യമാണ്. കല്ലു വെച്ചിടത്ത് ചാക്കോ വഗ്ഗീസ് ലോപിച്ചാണ് KCV. വഗ്ഗീസ് എന്നാണ് വിളിക്കേണ്ടതെങ്കിലും എല്ലാവരും അയാളെ KCV എന്നാണ് വിളിക്കുന്നത്. അയാൾ അമേരിക്കയിൽ വന്ന കാലം തൊട്ട് വളരെ സമത്ഥനായിരുന്നതുകൊണ്ട് നല്ല ഒരു വലിയ മെഡിക്കൽ കമ്പനിയിൽ വളരെ ഉന്നതമായ ജോലിയിൽ പ്രവേശിക്കാനിടയായി. അയാൾ പോകുന്ന പള്ളിക്കു വേണ്ടി ആത്മാത്ഥമായി പ്രവത്തിച്ചു. അയാളുടെ എല്ലാ പ്രവത്തികളിലും നല്ല പുരോഗതി ഉണ്ടായി.

ഓമ്മ വെച്ച കാലം തൊട്ട് അയാളുടെ അമ്മ, അടുത്തുള്ള വീടുകളിൽ ഓല മെടഞ്ഞും, നെല്ല് കൊണ്ടു വന്ന് പുഴുങ്ങി കുത്തി അരിയാക്കി തല ചുമടേ കൊണ്ടു പോയി വിറ്റുമായിരുന്നു അയാളുടെ പെങ്ങളേയും അയാളേയും പോറ്റി വളത്തിയത്. അപ്പനെ അയാൾ കണ്ട ഓമ്മയില്ല. അയാളുടെ വളരെ ചെറുപ്പത്തിലേ, അപ്പൻ മരിച്ചു എന്ന് അമ്മ പറഞ്ഞറിവുണ്ട്. ഹൈസ്ക്കൂൾ പാസായ ശേഷം ടൈപ്പ് പഠിച്ചു കൊണ്ടിരുന്നപ്പോൾ ഇൻഡ്യൻ എയർഫോഴ്സിൽ ജോലി കിട്ടി. ട്രയിനിംഗ് ചെയ്തു കൊണ്ടിരുന്നപ്പോൾ മഞ്ഞപിത്തം പിടിപെട്ട് കിടപ്പിലായ ശേഷം, മെടിക്കൽ അവധി കിട്ടി, കേരളത്തിലെ വീട്ടിൽ പോയ് മടങ്ങി വരാൻ നേരം PPP എന്നറിയപ്പെട്ടിരുന്ന പുത്തൻവീട്ടിൽ പാപ്പിയുടെ മകൻ പീലിപ്പോസിന്റെ അമ്മ ഒരു ചാക്കു കെട്ടു നിറയെ സാധനങ്ങൾ, റയിൽവേ സ്റ്റേഷനിൽ എത്തിച്ച് അയാൾ വശം കൊടുത്തു വിട്ടു. ഇവർ രണ്ടു പേരും ഒന്നിച്ച് ട്രയിനിംഗ് ചെയ്യുകയാണ്. വയ്യാതെ തീരെ അവശനായി വന്ന അയാൾക്ക് അത് വളരെ കഷ്ടപ്പാടുണ്ടാക്കിയെന്ന് പറയുകയും ചെയ്തു. ആ ബന്ധം വളരെ ഗാഢമായി വളന്നു. തന്റെ ഏക പെങ്ങളെ PPP യ്ക്ക് കെട്ടിച്ചു കൊടുക്കാൻ സന്തോഷമാണെന്ന് പറയുകയും ചെയ്തു. PPP ആദ്യമായി അവധിയ്ക്കു പോയപ്പോൾ അങ്ങിനെ ആ കുഗ്രാമത്തിൽ KCV യുടെ വീട് അന്വേഷിച്ച് കണ്ടു പിടിച്ച് ചെന്നെത്തി. PPP യുടെ സ്വപ്നത്തെ പോലും തകത്ത അവസ്ഥയിലായിരുന്ന ആ വീട്. അത്രയും മോശമായ ഒരു വീട് അയാൾ ഒരിക്കലും പ്രതീക്ഷിച്ചില്ല. മണി എന്ന KCV യുടെ പെങ്ങൾ അത്ര സുന്ദരി അല്ല; എന്നാൽ വിരൂപയുമല്ല. വെറും ഹൈസ്ക്കൂൾ ക്ലാസിൽ എത്തിയിട്ടേയുള്ളു, എങ്കിലും ആവശ്യത്തിലധികം മേനിക്കൊഴുപ്പ് അവൾക്കുണ്ടായിരുന്നു. PPP സ്വരൂപിച്ചു വെച്ച പണം കൊണ്ട് അയാളുടെഅറിവിൽ നല്ലതെന്നുതോന്നിയ വിലകൂടിയ ഒരു സാരിയും മണിക്കു വേണ്ടി വാങ്ങിയത് കൊടുത്തു. കുഗ്രാമത്തിൽ താമസിച്ചിരുന്ന അവക്ക് വളരെ ദുരഭിമാനമായി തീന്നെന്ന് പിന്നീടയാൾ അറിഞ്ഞു.

ട്രയിനിംഗ് കഴിഞ്ഞ് അവർ രണ്ട് സ്ഥലങ്ങളിലായി ജോലി. KCV യുടെ ദുരഭിമാനം കാരണം PPP പിന്നീടയാളുമായി ബന്ധപ്പെടാനും പോയില്ല. മോങ്ങാനിരുന്ന നായിന്റെ മേൽ തേങ്ങാ, എന്നതു പോലെ, അയാളുടെ വീടും ചുറ്റുപാടുകളും കണ്ടപ്പോൾ അത് PPP യ്ക്ക് അത്ര പറ്റിയതല്ലെന്ന് കരുതി KCV യു മായോ കുടുംബമായോ യാതൊരു ബന്ധവുമില്ലാതെ മാറിയിരുന്നു. PPP യും KCV യും അയാളുടെ പെങ്ങളും കല്ലാണം കഴിച്ചു. അവക്കെല്ലാം രണ്ടു മക്കളും ആയി.

നീണ്ട വഷങ്ങൾക്കു ശേഷം PPP യെ കാണാൻ KCV എത്തി. PPP യുടെ ഖ്യാതി ഇന്ത്യയുടെ അങ്ങേ അറ്റം മുതൽ ഇങ്ങേ അറ്റം വെരെ പരന്നു. അയാൾ അത്രയ്ക്കു സമത്ഥനായ ഒരു ജോലിക്കാരൻ ആയിരുന്നു. അയാളുടെ കഴിവുകൊണ്ട് എയർ ഫോഴ്സിലെ ഏറ്റവും വലിയ ഒരാഫീസിലെ ഏറ്റവും ഉന്നതമായ ഒരു സ്ഥാനത്തുള്ള ജോലിയിലായി. അങ്ങിനെയാണ് KCV അയാളെ കാണാൻ എത്തിയത്.

KCV യ്ക്ക് PPP യെകൊണ്ട്പലആവശ്യങ്ങൾഉണ്ട്. അയാടെ ഭാര്യ നാൻസി, അമേരിക്കയിലേക്ക് പോകാനുള്ള കടലാസു പണികൾ ചെയ്തു കൊണ്ടിരിക്കുന്ന സമയം. എത്ര ശ്രമിച്ചിട്ടും വിസ കിട്ടുന്നില്ല. സമത്ഥനായ PPP ഓഫീസ് ജോലി കഴിഞ്ഞ് പല ആൾക്കാക്ക് ഇന്ത്യയ്ക്ക് വെളിയിൽ പോകാനുള്ള കാര്യങ്ങൾ ചെയ്തു കൊടുക്കുന്നുണ്ട്; യാതൊരു പ്രതിഫലേച്ഛയുമില്ലാതെ. അയാളുടെ ഭാര്യയുടെ അനുജത്തി ഒറൊതക്ക് അമേരിക്കയിൽ പോകാനുള്ള പണികൾ ചെയ്യുന്നുണ്ട്. മറ്റു പലരേയും ഇതിനോടകം അമേരിക്കയ്ക്ക് പറഞ്ഞു വിട്ടു കഴിഞ്ഞു. KCV യുടെ അമ്മ അവിടെ ഒരു വലിയ ആശുപത്രിയിൽ വാദ്ധ്യക്യ രോഗം മൂലം കിടപ്പിലാണ്; അവിടെ തന്നെ മണിയും സ്റ്റാഫ് നേഴ്സായി ജോലി ചെയ്യുന്നുണ്ട്. ആ അമ്മയ്ക്ക് ഈ PPP യെ കണ്ട നാൾ മുതൽ വലിയ ഇഷ്ടമാണ്. തന്മൂലം സമയം കിട്ടുമ്പോഴെല്ലാം അയാൾ ആ അമ്മയെ കാണാൻ കൈ നിറയെ പഴ വഗ്ഗങ്ങൾ എന്തെങ്കിലും കരുതി പോകാൻ തുടങ്ങി. അവസാനം അവർ മരിച്ചു. അതിനു ശേഷമുള്ള എല്ലാ കാര്യങ്ങൾക്കും എല്ലാ വിധ സഹായങ്ങളും അയാൾ ചെയ്തു. നാൻസിയുടെ വിസാ എല്ലാം അയാൾ ശരിയാക്കികൊടുത്തു. ഇവർ രണ്ടു പേരും ഒന്നിച്ചായി താമസം; PPP യുടെ കുടുംബം അവിടെ നിന്നും വളരെ ദൂരെ ആയിരുന്നു താമസം. എയർഫോഴ്സിലെ KCV യുടെ ജോലി, PPP യുടെ പരിശ്രമഫലമായി വിടുതൽ വാങ്ങി കൊടുത്തു. KCV യുടെ പേപ്പർ എല്ലാം PPP യുടെ പരിശ്രമഫലമായി ശരിയാക്കി, അയാളേയും അമേരിക്കയിലേക്ക് പറഞ്ഞു വിട്ടു. KCV യുടെ രണ്ടു പൊടി കൊച്ചുങ്ങളേയും, നാൻസിയുടെ കേരളത്തിലെ വീട്ടിലാക്കി. PPP യുടെ ഭാര്യയുടെ അനുജത്തിക്ക് വിസാ കിട്ടികഴിഞ്ഞപ്പോൾ KCV ആവശ്യപ്പെട്ടതിൻ പ്രകാരം അയാളുടെ അടുക്കലേക്കു തന്നെ പറഞ്ഞു വിട്ടു.

KCV യുടെ പൊടികൊച്ചുങ്ങളെ ഓരോരുത്തരെ ആയ്, നാൻസിയുടെ ആങ്ങള PPP യുടെ അടുക്കൽ കൊണ്ടു വിട്ടതിനെ, അയാൾ വളരെ കഷ്ടപ്പെട്ട് വിസാ വാങ്ങിക്കൊടുത്ത് അമേരിക്കയിലേക്കയച്ചു. അവസാനം PPP യും ഭാര്യയും കൂടെ അമേരിക്കയിലെത്തി. വിരലേൽ എണ്ണാവുന്ന അത്രയും ദിവസം ഒറൊത്തയുടെ അടുക്കൽ അവർ താമസിച്ചതിനു ശേഷം KCV യും മണിയും താമസിക്കുന്ന എപ്പാട്ടുമെന്റിലെ വേറൊരു എപ്പാട്ടുമെന്റെടുത്ത് താമസമായി. KCV യും പെങ്ങൾ മണിയും വലിയ സംശയരോഗികളാണ്. മണിയുടെ ഭത്താവുമായി അവൾ പിണങ്ങി, വേർ പിരിഞ്ഞ് താമസിക്കുന്ന കാലമായിരുന്നു അത്. PPP മണിയെ പെണ്ണു പിടിക്കാനായി ചെന്നു എന്ന് അനാവശ്യം മണി പറഞ്ഞു പരത്തി. അങ്ങിനെ ആത്മാത്ഥ സുഹൃത്തുക്കൾ തമ്മിൽ തെറ്റിപിരിഞ്ഞു. മണി വേറൊരുവനെ വിവാഹം കഴിച്ച്, ഏതാനം വഷങ്ങൾ കഴിഞ്ഞപ്പോൾ അവർ തമ്മിലും പിരിഞ്ഞ് പിന്നേയും ഒരാളെ വിവാഹം കഴിച്ച് പിരിഞ്ഞ്, അവസാനം രോഗി ആയി കിടപ്പിലായി മരിച്ചു. KCV യും ഭാര്യയുമായി പിരിഞ്ഞ്, കേരളത്തിൽ പോയി വേറൊരാളെ വിവാഹം കഴിച്ച്, അവസാനം രോഗി ആയി മരിച്ചു. KCV വളരെ സഹായങ്ങൾ ചെയ്താണ് PPP അമേരിക്കയിൽ എത്തിയത്. നാൻസി മക്കളുമായി പോയ് വേറൊരാളെ വിവാഹം കഴിച്ച് ജീവിച്ചു. അമേരിക്കയിൽ ജീവിക്കുന്നവരുടെ സാധാരണ സ്വഭാവം ആണ് വിവാഹം, വേർപിരിയൽ, വീണ്ടും വിവാഹം; ഇതെല്ലാം മലയാളികളും അനുകരിക്കാൻ തുടങ്ങി.